തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി പ്രവേശനപരീക്ഷ

## ഫെബ്രുവരി – 2024

# സോഷ്യോളജി

3 മണിക്കൂർ 100 മാർക്ക്

I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (20x1=20)

1. സംസ്ക്കാരത്തിന്റെ വ്യാഖ്യാനം (Interpretation of Cultures)എന്ന ആശയം വികസിപ്പിച്ചതാരാണ്?
2. 'Encountering Development: Making and Unmaking of Third World' എന്ന കൃതി രചിച്ചതാരാണ്?
3. 'Hyper Reality' എന്ന ആശയം വികസിപ്പിച്ച ചിന്തകൻ.
4. 'The Protestant Ethic and Spirit of Capitalism' എന്ന കൃതിയുടെ കർത്താവ്.
5. PRA യുടെ പൂർണ്ണരൂപം.
6. സാമൂഹികനാടകം (Social Drama) എന്ന ആശയം വികസിപ്പിച്ചതാരാണ്?
7. 'Purity and Danger' എന്ന കൃതി രചിച്ചതാരാണ്?
8. 'മക്ഡൊണാൾഡൈസേഷൻ' എന്ന പരികൽപ്പന വികസിപ്പിച്ചതാരാണ്?
9. സാധുത്വം (Validity) എന്ന സങ്കൽപ്പം നിർവചിക്കുക.
10. ആഗോളഗ്രാമം എന്ന ആശയം വികസിപ്പിച്ചതാരാണ്
11. 'Magic, Science and Religion' എന്ന കൃതി രചിച്ച താരാണ്?
12. എന്താണ് പരികൽപ്പന (Hypothesis) ?
13. 'The Social System' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്
14. സംസ്ക്കാര വ്യവസായം എന്ന സങ്കൽപ്പം നിർവ ചിക്കുക.
15. 'Thematic Analysis' എന്ന ആശയം വിവരിക്കുക.
16. എത്തനോഗ്രഫി എന്ന സങ്കൽപ്പം വിവരിക്കുക.
17. വിചാരമാതൃകാവ്യതിയാനം (Paradigm Shift) നിർവചിക്കുക.
18. 'Seeing like a Feminist' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്.
19. 'Homo Hierarchicus' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്.
20. 'Annihilation of Caste' എന്ന കൃതിയുടെ കർത്താവ്.

II ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (10x5=50)

21. ഇന്ത്യൻ സമൂഹപഠനത്തെ സംബന്ധിച്ച രണജിത്ത് ഗുഹയുടെ കാഴ്ചപ്പാട് വിശദീകരിക്കുക.
22. സാമൂഹ്യമുന്നേറ്റപഠനത്തിൽ കൂട്ടായ്മയിലൂന്നിയ പെരുമാറ്റസിദ്ധാന്തത്തിന്റെ (Collective Behaviour Theory)പ്രസക്തി വിവരിക്കുക.
23. ഭവശാസ്ത്രം (Ontology), ജ്ഞാനശാസ്ത്രം (Epistemology) എന്നീ സങ്കൽപ്പങ്ങളുടെ ഗവേഷണ പ്രാധാന്യം വിവരിക്കുക.
24. മാതൃഭാഷയിലൂന്നിയ സമൂഹശാസ്ത്രപഠനത്തിന്റെ സാധ്യതകളും പരിമിതികളും വിശകലനം ചെയ്യുക.
25. മതത്തെ സംബന്ധിച്ച ദുർഖൈമിന്റെ കാഴ്ചപ്പാട് വിശകലനം ചെയ്യുക.
26. വികസനം എന്ന സങ്കൽപ്പവുമായി ബന്ധപ്പെട്ട വിവിധ സമൂഹശാസ്ത്ര സിദ്ധാന്തങ്ങൾ വിവരിക്കുക.
27. അൽത്തൂസറുടെ ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപാധി, മർദ്ദനോപാധി എന്നീ ആശയങ്ങൾ വിശദീകരിക്കുക.
28. ജോർജ്ജ് സി. ഹോമൻസിന്റെ ആദാനപ്രദാനാധിഷ്ഠിത പെരുമാറ്റവാദം (Social Behavior as Exchange) വിശദീകരിക്കുക
29. വെബറുടെ സാമൂഹ്യപ്രവർത്തനസിദ്ധാന്തം(Social Action Theory) വിശദീകരിക്കുക.
30. പ്രാചീനസമൂഹങ്ങളുടെ ഘടനയും പ്രവർത്തനവും വിശദീകരിക്കുന്നതിൽ മലിനോവ്സ്കിയുടെ ചിന്താപദ്ധതി വിശദീകരിക്കുക
31. ഇന്ത്യൻ ഗ്രാമീണ സമൂഹത്തെ മനസ്സിലാക്കുന്നതിൽ ഗാന്ധിയുടെയും അംബേദ്കറുടെയും കാഴ്ചപ്പാട് വിമർശനാത്മകമായി വിലയിരുത്തുക.
32. അപനിർമ്മാണം ( Deconstruction) എന്ന സങ്കൽപ്പം വിശദീകരിക്കുക.

33. ഉൽപ്പാദനബന്ധങ്ങളെ വിശകലനം ചെയ്യുന്നതിൽ മാർക്സിന്റെ ആശയങ്ങളുടെ പ്രാധാന്യം വിശദമാക്കുക.

III ഏതെങ്കിലും ഒരു ചോദ്യത്തിന് ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (10x1=10)

34. ഘടനാവാദചിന്താപദ്ധതി രൂപപ്പെടുത്തുന്നതിൽ ഫെർഡിനാന്റ് സസ്യൂറിന്റെയും ലെവിസ്ട്രൌസിന്റെയും സംഭാവനകൾ വിവരിക്കുക.

35. സാമൂഹ്യഗവേഷണത്തിൽ ഗുണാധിഷ്ഠിത സമീപനവും ഗണാധിഷ്ഠിത സമീപനവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശകലനം ചെയ്യുക.

36. സമൂഹശാസ്ത്രവികാസത്തിന് കാരണമായ ദാർശനികവും ചരിത്രപരവുമായ പശ്ചാത്തലം വിശദീകരിക്കുക.

IV (20x1=20)

37. ഗവേഷണം ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അടങ്ങുന്ന രൂപരേഖ മൂന്നുപുറത്തിൽ എഴുതുക.

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല